LIBRARY ARCHIVES Kerala Legislative Assembly

അംഗൻവാടികൾ

239 (3079) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത എത്ര അംഗൻവാടികൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കുമോ;

(ബി) സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം നിർമ്മിക്കാത്ത അംഗൻവാടികൾ പ്രസ്തുത നിയോജകമണ്ഡലത്തിൽ നിലവിലുണ്ടോ; വിശദമാക്കാമോ ;

(സി) എങ്കിൽ പ്രസ്തുത അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത 21 അംഗൻവാടികൾ ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	പ്രോജക്ട്	പഞ്ചായത്ത്	അംഗൻവാടി സെന്റർ നമ്പർ
1	പയ്യന്നൂർ	കരിവെള്ളൂർ-പെരളം	20
2	പയ്യന്നൂർ	രാമന്തളി	22,43,27,28, 36,41,44,46
3	പയ്യന്നൂർ	പയ്യന്നൂർ മുനിസിപ്പാലിറ്റി	108, 107, 120, 125, 133
4	പയ്യന്നൂർ അഡീഷണൽ	ചെറുപുഴ	18, 19
5	പയ്യന്നൂർ അഡീഷണൽ	എരമം-കുറ്റൂർ	104, 105, 107, 109
6	പയ്യന്നൂർ അഡീഷണൽ	കാങ്കോൽ	134

(ബി) ഉണ്ട്. സ്വന്തമായി സ്ഥലമുള്ള പയ്യന്നൂർ അഡീഷണൽ പ്രോജക്ടിലെ 7 അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുവാൻ പഞ്ചായത്ത്/മുനിസിപ്പാലിറ്റി മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	പഞ്ചായത്ത്	അംഗന വാടി സെന്റർ നമ്പർ	റിമാർക്ക്സ്
1	ചെറുപുഴ	19, 18	നിർമ്മാണം പൂർത്തിയാകാറായി
2	എരമം-കുറ്റൂർ	104	MLA Fund വകയിരുത്തിയിട്ടുണ്ട്
3	എരമം-കുറ്റൂർ	105, 107	സ്ഥലം ലഭ്യമായിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് പ്രോജക്ട് വച്ചിട്ടുണ്ട്
4	എരമം-കുറ്റൂർ	109	അംഗനവാടി കെട്ടിട നിർമ്മാണത്തിന് കിട്ടിയ സ്ഥലം അനുയോജ്യമല്ല
5	കാങ്കോൽ	134	പൂമ്പോക്ക് ഭൂമി വിട്ടുകിട്ടുന്നതിന് കളക്ടർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്

(സി) സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം നിർമ്മിക്കുവാൻ നടപടികൾ സ്വീകരിക്കാത്ത അംഗനവാടികൾ ഒന്നും തന്നെയില്ല

യാചകപുനരധിവാസം

240 (3080) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. ടി. എ. അഹമ്മദ് കബീർ :

ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യാചകരെ അവരുടെ തൊഴിലിൽനിന്നും മോചിപ്പിക്കുന്നതിനും പുനരധിവാസം ആവശ്യമുള്ളവർക്ക് അതേർപ്പെടുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) യാചക പുനരധിവാസ കേന്ദ്രങ്ങളിലെ അപര്യാപ്തതകളെക്കുറിച്ചും അന്തേവാസികളുടെ ക്ഷേമം സംബന്ധിച്ചും സാമൂഹ്യനീതി വകുപ്പ് എന്തെങ്കിലും പരിശോധനകൾ നടത്തുകയോ നടപടികൾ സ്വീകരിയ്ക്കുകയോ ചെയ്യാറുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇപ്രകാരം പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ ക്ഷേമത്തിന് കൂടുതൽ പ്രാധാന്യം നല്കി നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly